(ബി) സ്ഥിരീകരണം ലഭിച്ചിട്ടുള്ള എൻ.എം.ആർ. ജീവനക്കാർക്ക് മേൽപ്പറഞ്ഞ ഉത്തരവിന്റെ ആനുകൂല്യം 1.3.92 മുതൽ നൽകുന്നതിന് ധനവകുപ്പ് അനുമതി നൽകിക്കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പാണ് ഇനിയും ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കേണ്ടത്.

40 (2597) ആലുവായിലെ വൺവേ ട്രാഫിക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മുനിസിപ്പൽ ഠൗണിൽ വൺവേ ട്രാഫിക്കിന്റെ വികസനവും പരിഷ്കരണവും എന്ന വർക്കിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടും ആവശ്യമായ ഫണ്ട് അനുവദിക്കാത്തതുമൂലം റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1999-2000 വർഷത്തിൽ ഈ പ്രവൃത്തിക്കുവേണ്ടി ആവശ്യമായ തുക നൽകുമെന്ന സർക്കാർ ഉറപ്പനുസരിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അടിയന്തിര പ്രാധാന്യമുള്ള ഈ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന ജില്ലാ റോഡുകൾക്ക് പദ്ധതി തുകയുടെ ലഭ്യതയനുസരിച്ച് 3 ലക്ഷം രൂപ ഈ പണിക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പുതുക്കിയ ഭരണാനുമതി കിട്ടിയതിനുശേഷം ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

41 (2598) പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ റീ-സർവ്വേ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമികൾ റീ-സർവ്വേ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) പാട്ടത്തിന് നൽകിയ വനഭൂമിയിൽ കരാർ കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടി എടുത്തു;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly